"ഭരണഭാഷ - മാതൃഭാഷ"

നമ്പർ സി2/Misc/2020/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി: 24.03.2020
ഫോൺ: 0471-2303107

## സർക്കുലർ

സൂചന : 23/03/2020 ലെ സർക്കാർ ഉത്തരവ് (സാധാരണ)489/2020/ഉ.വി.വ

കോവിഡ് - 19 രോഗബാധയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കോളേജ് കെട്ടിടങ്ങളും കാമ്പസിലെ ഹോസ്റ്റൽ ഉൾപ്പെടെയുള്ള ഇതര സൗകര്യങ്ങളും ജില്ലാ ഭരണകൂടവും, ആരോഗ്യവകുപ്പും ആവശ്യപ്പെടുന്ന പക്ഷം വിട്ടു നൽകേണ്ടതാണ്. ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന രോഗപ്രതിരോധ നടപടികൾക്കായി എല്ലാ സൗകര്യങ്ങളും, വൈദ്യുതി, കുടിവെള്ളം, ശുചിമുറികൾ മറ്റ് അവശ്യ സൗകര്യങ്ങളും സ്ഥാപനമേധാവികൾ സജ്ജമാക്കേണ്ടതാണ്.

ഓഫീസുകൾ അതാത് ജില്ലാ ഭരണകൂടത്തിന്റെ / ആരോഗ്യ വകുപ്പിന്റെ നിർദ്ദേശം പാലിക്കേണ്ടതാണ്. ജില്ലാ ഭരണകൂടം / ആരോഗ്യ വകുപ്പ് ആവശ്യപ്പെടുന്ന അടിയന്തിര സാഹചര്യത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി എല്ലാ ജീവനക്കാരുടേയും സാന്നിദ്ധ്യം ഉണ്ടാവേണ്ടതാണ്. കോളേജിലെ ഓഫീസ് ജീവനക്കാരുടെ സേവനം ഉറപ്പാക്കുവാൻ ജീവനക്കാരെ എപ്പോഴും ബന്ധപ്പെടാൻ കഴിയുന്ന തരത്തിൽ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്. ഓഫീസിലെ അടിയന്തിര ജോലികൾക്ക് തടസ്സം ഉണ്ടാകാതെ പ്രവർത്തനം ക്രമീകരിക്കേണ്ടതാണ്.

എല്ലാ സ്ഥാപനങ്ങളും കോവിഡ് -19 സെൽ താഴെ സൂചിപ്പിക്കുന്ന വിഭാഗങ്ങളെ അംഗങ്ങൾ ആയി ഉൾപ്പെടു ത്തി രൂപികരിക്കേണ്ടതാണ്.

1). പ്രിൻസിപ്പാൾ - നോഡൽ ഓഫീസർ
2). 3 അദ്ധ്യാപകർ
3). അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് / സൂപ്രണ്ട്
4). ക്ലാർക്ക്
5). ഒരു വിദ്യാർത്ഥി
6). ഓഫീസ് അറ്റൻഡന്റ് / അറ്റൻഡർ
7). സ്വീപ്പർ / സാനിട്ടേഷൻ വർക്കർ

GOVERNMENT OF KERALA

ആരോഗ്യ വകുപ്പ് ആവശ്യപ്പെടുന്ന എല്ലാ സൗകര്യങ്ങൾ നൽകുന്നതിന് നോഡൽ ഓഫീസർ നേതൃത്വം നൽകേണ്ടതാണ്.

മാലിന്യ സംസ്കരണത്തിനുള്ള നടപടി കുടുംബശ്രീ മുഖേന നടത്തേണ്ടതാണ്. എല്ലാ സ്ഥാപന മേധാവികളും കോവിഡ് - 19 സെൽ രൂപീകരിച്ചതിന്റെ റിപ്പോർട്ട് secy.hed@kerala.gov.in, (dir.colledn@kerala.gov.in) - Govt എന്ന ഇ-മെയിലിൽ അറിയിക്കേണ്ടതാണ്. സെല്ലിന്റെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് dir.colledn@kerala.gov.in എന്ന ഇ-മെയിലിൽ അയക്കേണ്ടതാണ്. കോവിഡ് സെല്ലിലെ അംഗങ്ങൾ എപ്പോഴും (24 X 7) പ്രവർത്തനത്തിന് സന്നദ്ധരായിരിക്കണം.

എല്ലാ ഹോസ്റ്റൽ മേധാവികളും / കോളേജ് മേധാവികളും താഴെ സൂചിപ്പിച്ചിരിക്കുന്ന വിവരങ്ങൾ അടിയന്തിരമായി അറിയിക്കേണ്ടതാണ്.

| | | |
|---|---|---|
| 1 | ജില്ലാ ഭരണകൂടം / ആരോഗ്യ വകുപ്പ് കോളേജ് / ഹോസ്റ്റൽ ആവശ്യപ്പെട്ടിട്ടുണ്ടോ ? | ഉണ്ട് / ഇല്ല |
| 2 | ആവശ്യപ്പെട്ട സജ്ജീകരണങ്ങൾ | |
| 3 | നൽകിയിട്ടുള്ള സജ്ജീകരണങ്ങൾ | |
| 4 | സജ്ജീകരണങ്ങൾ നൽകാൻ കഴിയത്തില്ല എങ്കിൽ ആയതിന്റെ കാരണം | |
| 5 | എത്രപേർക്കുള്ള സൗകര്യങ്ങൾ ഒരുക്കി | |
| 6 | ജില്ലാ ഭരണകൂടം നിയോഗിച്ച ചാർജ് ഓഫീസറുടെ പേരും നമ്പരും | |

വി.വിഗ്നേശ്വരി ഐ എ എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

എസ്.കെ. 24.03.2020

GOVERNMENT OF KERALA